# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 10, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി**

## വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്

*31 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. ഉബൈദുള്ള**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിന് തുറമുഖത്തിൽ നിന്നും ലഭിക്കുന്ന വരുമാനം കേന്ദ്ര സർക്കാരുമായി പങ്കിടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## കേരള ബാങ്കിൽ 'ബി ദ നമ്പർ വൺ' ക്യാമ്പയിൻ

*32 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ ഭരണതലത്തിലും ദൈനംദിന പ്രവർത്തനങ്ങളിലും പ്രൊഫഷണലിസം കൊണ്ടുവരേണ്ടതിന്റെയും ബാങ്കിന്റെ ജനകീയത

ഉയർത്തിപ്പിടിക്കേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേരള ബാങ്കിനെ സംസ്ഥാനത്തെ ബാങ്കിംഗ് രംഗത്ത് ഒന്നാം സ്ഥാനത്തെത്തിക്കുക എന്ന ലക്ഷ്യത്തോടെ 'ബി ദ നമ്പർ വൺ' ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടോ; കേരള ബാങ്ക് ആധുനികവൽക്കരിച്ച് എ.ടി.എം, മൊബൈൽ ബാങ്കിംഗ് സേവനങ്ങൾ എന്നിവ സാധ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരള ബാങ്കിന്റെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനും പൊതുസമൂഹത്തിൽ ബാങ്കിനെക്കുറിച്ചുള്ള മതിപ്പ് വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഗ്രാമീണ മേഖലയിലേക്ക് കൂടുതൽ ബാങ്കിംഗ് സേവനങ്ങൾ എത്തിക്കുന്നതിന് കേരള ബാങ്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) സ്ത്രീകൾക്ക് തൊഴിലവസരം ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും അതുവഴി കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനുമായി കേരള ബാങ്ക് വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>വൈദ്യുതോല്പാദന രംഗത്ത് നടപ്പാക്കിയ പരിഷ്കരണങ്ങൾ</u>

*33 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എം. എം. മണി**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതോല്പാദന രംഗത്ത് നടപ്പാക്കിയിട്ടുള്ള പരിഷ്കരണങ്ങളുടെയും പദ്ധതികളുടെയും ഫലമായി സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതോല്പാദനത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2021 മുതൽ 2024 വരെയുള്ള കാലയളവിൽ സ്ഥാപിതശേഷിയിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് അറിയിക്കുമോ;

(സി) 2030-ൽ 10000 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## <u>കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നിക്ഷേപം</u>

*34 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആർ.സി.എഫ്.എൽ. എന്ന കമ്പനിയുടെ കടപ്പത്രങ്ങളിൽ (എൻ.സി.ഡി.) നിക്ഷേപിക്കുന്നതിനു മുമ്പ് ഈ കടപ്പത്രത്തിന് സെബിയുടെയും ആർ.ബി.ഐ.യുടെയും അംഗീകാരമുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) സെബിയുടെയും ആർ.ബി.ഐ. യുടെയും അംഗീകാരം ഇല്ലാത്ത കടപ്പത്രത്തിൽ ഇപ്രകാരം നിക്ഷേപിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ?

**ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം**

*35 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകൾ, മാസ്ക്, തെർമൽ സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്താനുണ്ടായ കാരണം വിശദമാക്കുമോ;

(ബി) ആരോഗ്യ വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം ആരോഗ്യ വകുപ്പ് നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണോ ഇപ്രകാരം അന്വേഷണം നടന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**ഗ്രീൻ ഹൈഡ്രജൻ നയം**

*36 **ശ്രീ. പി.പി. സുമോദ്**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എ. രാജ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപ്പാദന രംഗം കാർബൺ ന്യൂട്രലായി മാറ്റാൻ ലക്ഷ്യമിട്ട് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോൽപ്പാദനം പടിപടിയായി ഉയർത്തിക്കൊണ്ട് വരുന്നതിനായി സർക്കാർ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രീൻ ഹൈഡ്രജൻ നയം രൂപീകരിക്കുവാൻ തീരുമാനമെടുത്തിരുന്നോ; വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് പുനരുപയോഗ ഊർജ്ജ ഉൽപ്പാദനം, ഗ്രീൻ ഹൈഡ്രജൻ എന്നിവയുടെ ഭാവി സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി ആഗോള ഉച്ചകോടി നടത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

**ശബരിമല തീർത്ഥാടനം**

*37 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം മുകേഷ്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25-ലെ ശബരിമല തീർത്ഥാടനകാലം തീർത്ഥാടകർക്ക് യാതൊരുവിധ ബുദ്ധിമുട്ടുകൾക്കും പരാതികൾക്കും ഇടയില്ലാത്ത വിധം സുഗമമാക്കുന്നതിനായി നടപ്പാക്കിയിരുന്ന പ്രവർത്തനങ്ങളും ക്രമീകരണങ്ങളും ഫലവത്തായിരുന്നോ എന്ന് വിശദമാക്കുമോ;

(ബി) ഇക്കഴിഞ്ഞ സീസണിൽ എത്ര തീർത്ഥാടകർ ശബരിമലയിൽ ദർശനം നടത്തിയെന്നത് സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പരാതിയില്ലാത്ത തീർത്ഥാടനകാലം സാധ്യമായതെന്ന് വിശദമാക്കുമോ?

## <u>മണിയാർ പദ്ധതി ഏറ്റെടുക്കാൻ സ്വീകരിച്ച നടപടി</u>

*38 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി. ബിൽഡ് ഓൺ ഓപ്പറേറ്റ് ട്രാൻസ്ഫർ വ്യവസ്ഥ പ്രകാരം കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി 30 വർഷത്തേക്ക് കരാറിൽ ഏർപ്പെട്ടിരുന്നോ;

(ബി) പ്രസ്തുത കരാറിന്റെ കാലാവധി 2024 ഡിസംബറിൽ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കരാർ പ്രകാരമുള്ള കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ പദ്ധതി ഏറ്റെടുക്കാൻ കെ.എസ്.ഇ.ബി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

## <u>സ്റ്റാർട്ടപ്പ് മേഖലയിൽ ധനകാര്യ കോർപ്പറേഷന്റെ സംഭാവനകൾ</u>

*39 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനായി സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്റ്റാർട്ടപ്പ് മേഖലകളിൽ ധനകാര്യ കോർപ്പറേഷൻ നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കോർപ്പറേഷന്റെ അറ്റാദായം എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്; ലോൺ പോർട്ട്ഫോളിയോയിൽ ഉണ്ടായ വർദ്ധനവ് എത്ര; വിശദമാക്കുമോ;

(സി) വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷൻ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ഡി) സ്റ്റാർട്ടപ്പ് കേരള പദ്ധതിയുടെ ഭാഗമായി സ്റ്റാർട്ടപ്പ് കോൺക്ലേവ് നടത്തുവാൻ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കാർബോറാണ്ടം യൂണിവേഴ്സൽ കമ്പനിക്ക് അനുവദിച്ച പദ്ധതിയുടെ ബി.ഒ.ടി. കാലാവധി

*40 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർബോറാണ്ടം യൂണിവേഴ്സൽ കമ്പനിക്ക് അനുവദിച്ച പദ്ധതിയുടെ ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ കാലാവധി ദീർഘിപ്പിച്ചു നൽകാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇക്കാര്യത്തിൽ സർക്കാർ പൊതുനയം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബി.ഒ.ടി. കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ അത് പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.-ക്ക് പ്രത്യക്ഷമായി നഷ്ടമുണ്ടാക്കുമെന്നും പരോക്ഷമായി വൈദ്യുതിചാർജ് വർദ്ധനയ്ക്ക് കാരണമാകുന്നമെന്നുമുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരം പ്രതിസന്ധി ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

## സാമൂഹ്യ സുരക്ഷാ പെൻഷൻ

*41 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പെൻഷൻ വാങ്ങുന്നവരെ കണ്ടെത്താൻ മോട്ടോർ വാഹന, റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ഡാറ്റ പരിശോധിക്കാൻ ആലോചിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ ആദായനികുതി വകുപ്പിന്റെ സഹായം തേടിയിട്ടുണ്ടോ;

(സി) അനധികൃതമായി വാങ്ങിയ പെൻഷൻ തുക പലിശ സഹിതം ഈടാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## വൈദ്യുതി മേഖലയിലെ കേന്ദ്രസർക്കാർ നയങ്ങൾ

*42 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ സ്വകാര്യ ഉല്പാദകർക്ക് അധികവില ഈടാക്കാനുള്ള നയങ്ങളും നിയമനിർമാണങ്ങളുമാണ് കേന്ദ്ര സർക്കാർ പിൻതുടരുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വൈദ്യുതി വാങ്ങലുകൾ പൂർണ്ണമായും കമ്പോള നിയന്ത്രിതമാക്കാനുള്ള കേന്ദ്രസർക്കാർ നീക്കങ്ങളും വൈദ്യുതി ഉല്പാദനരംഗത്ത് സ്വകാര്യ മേഖലയുടെ വർദ്ധിച്ചുവരുന്ന സ്വാധീനവും കേരളത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുള്ള മറ്റ് സംസ്ഥാനങ്ങളിലെ ജലവൈദ്യുതി നിലയങ്ങളുടെ പങ്കാളിത്തം കൂടി വഹിച്ചുകൊണ്ട് കേരളത്തിന് വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് വൈദ്യുതി ഉപയോഗത്തിലുണ്ടായ വർദ്ധനവ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വൈദ്യുതി ഉപയോഗത്തിൽ വരുന്ന വർദ്ധനവിന് അനുസരിച്ച് നിലവിലുള്ള വൈദ്യുത പദ്ധതികളിൽ നിന്നും പരമാവധി ഉല്പാദനം ഉറപ്പുവരുത്തുന്നുണ്ടോ; വിശദമാക്കാമോ?

## കയറ്റുമതി പ്രോത്സാഹന നയം

*43 **ശ്രീ. കെ. ജെ. മാക്സി**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു പ്രമുഖ കയറ്റുമതി കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കും വ്യക്തികൾക്കും വിവിധ തരത്തിലുള്ള പിന്തുണയും സഹായങ്ങളും നൽകുന്നതിനായി കയറ്റുമതി പ്രോത്സാഹനനയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നയപരിപാടിയിലൂടെ കയറ്റുമതി രംഗത്ത് സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവയ്ക്ക് കൃത്യമായി പരിഹാരം കാണുന്നതിനും കഴിയുമോയെന്ന് വ്യക്തമാക്കുമോ;

(സി) കയറ്റുമതി രംഗത്ത് വൈവിധ്യവൽക്കരണം സാധ്യമാക്കി സുസ്ഥിര വളർച്ച നേടുന്നതിനായി പ്രത്യേക പദ്ധതികൾ നയപരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കയറ്റുമതി രംഗത്ത് പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് നൽകാനുദ്ദേശിക്കുന്ന സാമ്പത്തികവും സാമ്പത്തികേതരവുമായ പ്രോത്സാഹനങ്ങൾ സംബന്ധിച്ച്

വിശദമാക്കുമോ?

## ആഗോള നിക്ഷേപക ഉച്ചകോടി

*44 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എം.വിജിൻ**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ-വ്യവസായ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും പരിപാടികളുടെയും ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റിഫോംസിൽ സംസ്ഥാനം നേടിയെടുത്ത പുരോഗതി നിക്ഷേപ സമാഹരണ രംഗത്ത് ഗുണകരമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് ഒരു സുപ്രധാന കാൽവെയ്പായ ആഗോള നിക്ഷേപക ഉച്ചകോടിയുടെ ഭാഗമായി നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) ഇതിന്റെ ഭാഗമായി ഏതൊക്കെ മേഖലകളിൽ സെക്ടറൽ കോൺക്ലേവുകൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) മുംബൈയിലും ഡൽഹിയിലും നടത്തിയ റോഡ് ഷോകൾ വിജയകരമായിരുന്നോ; വ്യക്തമാക്കുമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

*45 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ വികസനക്കുതിപ്പിൽ സുപ്രധാന പങ്കുവഹിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമാണഘട്ടത്തിലെ വയബിലിറ്റി ഗ്യാപ് ഫണ്ട് വായ്പയായി മാത്രമേ അനുവദിക്കൂ എന്ന നിലപാട് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വി.ജി.എഫ്. തിരിച്ചടയ്ക്കണമെന്ന കേന്ദ്രസർക്കാരിന്റെ നിലപാട് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുറമുഖത്തിന്റെ വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) പദ്ധതി പൂർത്തീകരിക്കുന്നതിനോടൊപ്പം അനുബന്ധ പശ്ചാത്തല സൗകര്യ വികസന പദ്ധതികളിൽ പ്രധാനപ്പെട്ട ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോറിന്റെ

സമയബന്ധിതമായ നിർമ്മാണം ഉറപ്പാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

**കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ്**

*46 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജും വയനാട് പുനരധിവാസത്തിന് പ്രത്യേക സഹായവും പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോയെന്ന് അറിയിക്കുമോ;

(ബി) കേന്ദ്രപദ്ധതികളുടെ സംസ്ഥാന വിഹിതം ഉറപ്പാക്കുന്നതിനായി സർക്കാർ എടുത്തിട്ടുള്ള വായ്പകൾ കൂടി ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാധികാരങ്ങൾ കവർന്നെടുത്തുകൊണ്ട് ചരക്കുസേവന നികുതി നിയമം നടപ്പാക്കിയതിനാൽ സംസ്ഥാനങ്ങൾക്ക് ഉണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി. നഷ്ടപരിഹാരം തുടരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ ധനപരമായ ആവശ്യങ്ങളോട് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത് അനുകൂലമായ നിലപാടാണോ; വ്യക്തമാക്കുമോ?

**വ്യവസായ സൗഹൃദാന്തരീക്ഷം**

*47 **ശ്രീമതി സി. കെ. ആശ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വാഴൂർ സോമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സംരംഭക സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ പ്രവർത്തനഫലമായി വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനുള്ള നടപടികളും നിയമ പരിഷ്ക്കാരങ്ങളും നടപ്പാക്കുന്ന കാര്യത്തിൽ കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ ആവിഷ്ക്കരിച്ച വ്യവസായ വികസന പരിപാടികളുടെ ഭാഗമായി ഐ.ടി, ഐ.ടി-ഇതര, നൂതന സാങ്കേതികവിദ്യാ മേഖലകളിൽ നിരവധി ആഭ്യന്തര-വിദേശ കമ്പനികൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ എത്തിച്ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വിദ്യാഭ്യാസം, തൊഴിൽ, വ്യവസായം എന്നീ മേഖലകൾ തമ്മിലുള്ള ഏകോപനക്കുറവ് കേരളം വ്യവസായ വികസനരംഗത്ത് നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളിലൊന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്യാമ്പസുകൾ കേന്ദ്രീകരിച്ചുള്ള വ്യവസായ പാർക്കുകൾ ഈ രംഗത്തു പ്രധാന ചുവടുവയ്പ്പായി മാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## വൈദ്യുതി ബോർഡിന് കുടിശികയിനത്തിൽ കിട്ടാനുള്ള തുക

*48 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ആയിരത്തോളം കോടിയിലേറെ രൂപ കുടിശികയിനത്തിൽ വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കുടിശിക പിരിച്ചെടുക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ വൈദ്യുതി ബോർഡിന് സ്വകാര്യ വ്യക്തികളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കുടിശിക കിട്ടാനുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഇനത്തിലുള്ള കുടിശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

## സഹകരണ ബാങ്ക് നിയമനക്കോഴ

*49 **ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ എൻ.എം. വിജയന്റെയും അദ്ദേഹത്തിന്റെ മകന്റെയും ആത്മഹത്യയ്ക്ക് ഇടയാക്കിയതായി പറയപ്പെടുന്ന സഹകരണ ബാങ്ക് നിയമനക്കോഴ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കേരള സഹകരണ നിയമത്തിലെ വകുപ്പ് 66(1) പ്രകാരമുള്ള അന്വേഷണത്തിന് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഉത്തരവിറക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) എൻ.എം. വിജയന്റെ ആത്മഹത്യാക്കുറിപ്പിലെ വിവരങ്ങൾ പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ സ്ഥിരീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഏതെല്ലാം ബാങ്കുകളിൽ എന്നുമുതൽ നടത്തിയിട്ടുള്ള നിയമനങ്ങളാണ് അന്വേഷണത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത നിയമനക്കോഴ വിവാദത്തിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>ദീർഘകാല കരാറുകൾ റദ്ദാക്കിയതുമൂലം കെ.എസ്.ഇ.ബി.യ്ക്കുണ്ടായ നഷ്ടം</u>**

*50 **ഡോ. എം. കെ. മുനീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ നിരക്കിൽ 465 മെഗാവാട്ട് വൈദ്യുതി ലഭിച്ചിരുന്ന നാല് ദീർഘകാല കരാറുകൾ കെ.എസ്.ഇ.ബി. റദ്ദാക്കാനുണ്ടായ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത കരാറുകൾ പ്രകാരം ശരാശരി എത്ര രൂപാ നിരക്കിലായിരുന്നു വൈദ്യുതി ലഭിച്ചിരുന്നതെന്ന് അറിയിക്കുമോ;

(സി) കരാറുകൾ റദ്ദാക്കിയതുമൂലം കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിന് കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭിക്കുന്ന കരാറുകളിൽ ഏർപ്പെടാൻ കെ.എസ്.ഇ.ബി.യ്ക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

**<u>വൈദ്യുതി വാഹനങ്ങൾക്ക് അത്യാധുനിക ചാർജിംഗ് സ്റ്റേഷനുകൾ</u>**

*51 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരത്തിലിറങ്ങുന്ന വൈദ്യുതി വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നിലവിലെ ചാർജിംഗ് സ്റ്റേഷനുകൾ നവീകരിച്ച് ഉപഭോക്തൃ സൗഹൃദമാക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മൊബൈൽ ആപ്പുകളുടെയും ഇ-വാലറ്റുകളുടെയും സഹായമില്ലാതെ ചാർജിംഗ് സാധ്യമാകുന്ന ഏകീകൃത ചാർജിംഗ് സംവിധാനം സ്ഥാപിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അത്യാധുനിക ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സന്നദ്ധരായ സഹകരണ മേഖലയിലെയും സ്വകാര്യ മേഖലയിലെയും സംരംഭകർക്ക് ആവശ്യമായ പിന്തുണ ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി

*52 **ശ്രീ. കെ. ആൻസലൻ**

**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**

**ശ്രീ എം നൗഷാദ്**

**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന ആർബിട്രേഷൻ നടപടികൾ പൂർത്തിയായിട്ടുള്ള പശ്ചാത്തലത്തിൽ കൺസെഷണറുമായി സപ്ലിമെന്ററി കരാർ ഒപ്പുവച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു വർഷം പൂർത്തീകരിക്കാമെന്നാണ് ധാരണയായിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ തുറമുഖത്തേക്കുള്ള റെയിൽ കണക്റ്റിവിറ്റി സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; റെയിൽപാത നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## വൈദ്യുതിയുടെ കേന്ദ്രീകൃത സ്റ്റോറേജ് സംവിധാനം

*53 **ശ്രീ. പ്രമോദ് നാരായൺ**

**ഡോ. എൻ. ജയരാജ്**

**ശ്രീ. ജോബ് മൈക്കിൾ**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക സോളാർ പ്ലാന്റുകളിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ കേന്ദ്രീകൃത സ്റ്റോറേജ് സംവിധാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) ഇത്തരത്തിൽ കേന്ദ്രീകൃത സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്നതിൽ വൈദ്യുതി ബോർഡിനും ഉപഭോക്താക്കൾക്കുമുള്ള പ്രയോജനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## മണിയാർ പദ്ധതി കരാർ കാലാവധി

*54 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**

**ശ്രീ. എ. പി. അനിൽ കുമാർ**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി. കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡുമായി ഉണ്ടാക്കിയ കരാർ കാലാവധി

നീട്ടാൻ കമ്പനി സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) കരാറിന്റെ കാലാവധി നീട്ടാൻ കമ്പനി നൽകിയ കത്തിൽ എന്തൊക്കെ കാരണങ്ങളാണ് സൂചിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനിയുമായുള്ള കരാർ നീട്ടിനൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## വൈദ്യുതി വിതരണരംഗത്തിന്റെ ആധുനികവൽക്കരണം

*55 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലെ വൈദ്യുതി വിതരണരംഗം ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനും ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വൈദ്യുതി വിതരണമേഖലയിലെ സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ നയപരിപാടികൾ സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(സി) അന്തർസംസ്ഥാന വൈദ്യുതി പ്രസരണ ലൈനുകളുടെ നിർമ്മാണവും പരിപാലനവും കേന്ദ്ര സർക്കാർ സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ സംസ്ഥാനത്തിന് വൈദ്യുതി വാങ്ങുന്ന ഇനത്തിൽ അധിക ചെലവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വൈദ്യുതി ഉൽപാദനത്തിന് ഇറക്കുമതി ചെയ്ത നിശ്ചിത ശതമാനം കൽക്കരി ഉപയോഗിക്കണമെന്ന കേന്ദ്ര നിർദ്ദേശം സംസ്ഥാനത്തിന്റെ വൈദ്യുതി വാങ്ങൽ ചെലവ് എത്രമാത്രം വർദ്ധിപ്പിച്ചുവെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## വൈദ്യുതി നിരക്ക് വർദ്ധനവ്

*56 **ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ഏതൊക്കെ വർഷങ്ങളിലാണ് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വൈദ്യുതി ബോർഡ് കുറഞ്ഞ നിരക്കിൽ ഏർപ്പെട്ടിരുന്ന ദീർഘകാല കരാറുകൾ റദ്ദാക്കി ഉയർന്ന നിരക്കിൽ ഹ്രസ്വകാല

കരാറുകളിൽ ഏർപ്പെട്ടതും കരാർ കാലാവധി കഴിഞ്ഞിട്ടും സ്വകാര്യ കമ്പനികളിൽ നിന്നും വൈദ്യുത പദ്ധതികൾ ഏറ്റെടുക്കാത്തതും അടക്കമുള്ള വീഴ്ചകളാണ് വൈദ്യുതി ചാർജ്ജ് വർദ്ധനവിലേക്ക് നയിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വിലക്കയറ്റവും നികുതി വർദ്ധനവും മൂലം വീർപ്പുമുട്ടുന്ന ജനങ്ങളെ വൈദ്യുതി നിരക്ക് വർദ്ധനവ് എപ്രകാരമാണ് ബാധിക്കുന്നതെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ക്ഷേമപെൻഷൻ കുടിശിക</u>

*57 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര മാസത്തെ സാമൂഹ്യ ക്ഷേമപെൻഷൻ കുടിശിക വിതരണം ചെയ്യാനുണ്ട്; വിശദമാക്കുമോ;

(ബി) ക്ഷേമപെൻഷൻ വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ അനുപാതം, ലഭിച്ച തുക എന്നിവ വിശദമാക്കുമോ;

(സി) പ്രതിമാസം ശരാശരി എത്ര കോടി രൂപയാണ് ക്ഷേമപെൻഷൻ വിതരണത്തിനായി സംസ്ഥാനം ചെലവഴിക്കുന്നത്; പ്രസ്തുത തുക ഏത് രീതിയിൽ സമാഹരിക്കാനാണ് നിലവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) കുടിശിക ഉൾപ്പെടെയുള്ള പെൻഷൻ തുക എപ്പോൾ വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ?

## <u>സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട്</u>

*58 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ- ന്റെ 2022-ലെ 7-ാം നമ്പർ ഓഡിറ്റ് റിപ്പോർട്ടിൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുന്നതായും വൻതോതിൽ പണം ദുർവ്യയം ചെയ്യുന്നതായും കണ്ടെത്തിയിരുന്നോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വിവിധ പെൻഷൻ പദ്ധതികൾക്ക് നിശ്ചയിച്ചിരുന്ന നിബന്ധനകൾ പാലിച്ചിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; നിബന്ധനകൾക്കതീതമായി പട്ടികയിൽ

ഉൾപ്പെട്ടവർ വാങ്ങിയ പെൻഷൻ പലിശ സഹിതം തിരിച്ച് പിടിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ</u>**

*59 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ 2018-ലെ കരുതൽ ധനം സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയായിരുന്നുവെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ, ഫെഡറൽ ബാങ്കിൽ 2018 ഏപ്രിൽ മാസത്തിൽ നിക്ഷേപിച്ചിരുന്ന പണം മുൻകൂറായി പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ;

(സി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 2018-ൽ കമ്പനിയുടെ കരുതൽ ധനം പിൻവലിച്ച് റിലയൻസ് കൊമേഴ്സ്യൽ ഫിനാൻസ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിക്ഷേപിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

**<u>മണിയാർ പദ്ധതിയിലെ കരാർ ലംഘനം</u>**

*60 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാറിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി. യുമായി കരാറിൽ ഏർപ്പെട്ട കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് എന്ന കമ്പനി വൈദ്യുതിക്ക് വിലക്കുറവുള്ള സമയം പുറത്തുനിന്ന് വൈദ്യുതി വാങ്ങുകയും വില കൂടുമ്പോൾ കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകിയ വൈദ്യുതി തിരികെ എടുക്കുകയും ചെയ്ത നടപടിയിലെ കരാർ ലംഘനം കെ.എസ്.ഇ.ബി. പ്രസ്തുത കമ്പനിയെ അറിയിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) കരാർ ലംഘനം നടത്തിയതായി ആരോപിക്കപ്പെട്ട പ്രസ്തുത കമ്പനിക്ക് ഇരുപത്തിയഞ്ച് വർഷത്തേക്ക് കൂടി കരാർ പുതുക്കി നല്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 ഫെബ്രുവരി 1, ശനി

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].